بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 22.11.2024

**സയ്യിദുനാ ഹദ്റത് അമീറുല്‍ മുഅ്മിനീന്‍ ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കില്‍ നിര്‍വഹിച്ചത്.*

# തിരുനബി ചരിത്രം: ഹുദൈബിയാ സന്ധി - 2

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹുദൈബിയയെ സംബന്ധിച്ചാണ് പറഞ്ഞുവരുന്നത്. ഇത് സംബന്ധിച്ച് ബുദൈല്‍ ബിന്‍ വര്‍ഖഃ ഖുസാഇയും മറ്റ് ഖുറൈശി സന്ദേശവാഹകരും നബി(സ)യുടെ അടുത്ത് വന്നതിനെപറ്റിയും പരാമര്‍ശം കാണപ്പെടുന്നു. ഇതിന്റെ വിശദീകരണത്തില്‍ ഹദ്റത് മിര്‍സാ ബശീര്‍ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: നബി(സ) ഹുദൈബിയ താഴ്‌വരയില്‍ എത്തി താവളമടിച്ചപ്പോള്‍ ഖസാഅഃ ഗോത്രത്തിലെ ഒരു അറിയപ്പെടുന്ന നേതാവ് ബുദൈല്‍ ബിന്‍ വര്‍ഖഃ തന്റെ ഏതാനും സുഹൃത്തുക്കളെയുംകൂട്ടി നബി(സ)യുമായി കൂടിക്കാഴ്ചയ്ക്ക് വന്നു. അയാള്‍ തിരുനബി(സ)യോട് പറഞ്ഞു: മക്കയിലെ മൂപ്പന്മാര്‍ യുദ്ധത്തിനുവേണ്ടി തയ്യാറായി നില്‍ക്കുകയാണ്. അവര്‍ ഒരിക്കലും താങ്കളെ മക്കയില്‍ പ്രവേശിക്കാന്‍ സമ്മതിക്കുകയില്ല. തിരുനബി(സ) പറഞ്ഞു: ഞങ്ങള്‍ യുദ്ധത്തിനുള്ള ഉദ്ദേശവും ആയിട്ടല്ല മറിച്ച് ഉംറ ചെയ്യാനായിട്ടാണ് വന്നത്. ഖേദകരമെന്നു പറയട്ടെ, ഇങ്ങനെയായിട്ടും, യുദ്ധാഗ്നി മക്കയിലെ ഖുറൈശികളെ കത്തിച്ച് ചാമ്പലാക്കിയിട്ടും അവര്‍ പിന്മാറുന്നില്ല. ഞാന്‍ അവരുമായി ഒരു കാര്യത്തില്‍ സന്ധി ചെയ്യാനും തയ്യാറാണ്. അവര്‍ എനിക്ക് എതിരെയുള്ള യുദ്ധം നിര്‍ത്തിവെച്ച് എന്നെ മറ്റുള്ളവരോടൊപ്പം സ്വതന്ത്രമായി വിടുക. ഇനി അവര്‍ എന്റെ ഈ നിര്‍ദ്ദേശത്തെ തിരസ്കരിക്കുകയും യുദ്ധാഗ്നികത്തിച്ചു നിര്‍ത്തുകയുമാണെങ്കില്‍ എന്റെ ജീവന്‍ ആരുടെ കയ്യിലാണോ ഉള്ളത്, അവനാണെ സത്യം! പിന്നെ ഈ വഴിയില്‍ എന്റെ ജീവന്‍ ത്യജിക്കപ്പെടുന്നത്‌വരെ അതല്ലെങ്കില്‍ എനിക്ക് വിജയം കിട്ടുന്നതുവരെ ഞാനും ഇതില്‍ നിന്ന് പിന്മാറുന്നതല്ല. ഞാന്‍ അവരുമായി പൊരുതി നശിപ്പിക്കപ്പെടുകയാണെങ്കില്‍ കഥകള്‍ തീരുന്നു; എന്നാല്‍ അല്ലാഹു എനിക്ക് വിജയം നല്‍കുകയും ഞാന്‍ കൊണ്ടുവന്ന ദീനിനു വിജയം നല്‍കുകയും ആണെങ്കില്‍ പിന്നെ മക്കക്കാര്‍ക്കും വിശ്വസിക്കുന്ന കാര്യത്തില്‍ അമാന്തം കാണിക്കരുത്.

ഈ ആത്മാര്‍ത്ഥവും ഉള്ളുലക്കുന്നതുമായ പ്രഭാഷണം ബുദൈല്‍ ബിന്‍ വര്‍ഖയെ വളരെയേറെ സ്വാധീനിച്ചു. അയാള്‍ മക്കയില്‍ എത്തി ഖുറൈശികളോട് റസൂലുല്ലാഹി(സ)യുടെ സന്ധി നിര്‍ദേശത്തെ പറ്റി പറഞ്ഞു. ആ സമയത്ത് സഖീഫ് ഗോത്രത്തിലെ വളരെ പ്രബലനായ നേതാവ് ഉര്‍വഃ ബിന്‍ മസ്ഊദ് പറഞ്ഞു: (ജനങ്ങളേ,) നിങ്ങള്‍ ഈ അഭിപ്രായം സ്വീകരിക്കുകയാണ് വേണ്ടത്. നിങ്ങള്‍ അനുവദിക്കുന്നുവെങ്കില്‍ ഞാന്‍ നിങ്ങള്‍ക്കുവേണ്ടി മുഹമ്മദ്(സ)ന്റെ അടുക്കല്‍ പോയി കൂടുതല്‍ കാര്യങ്ങള്‍ സംസാരിക്കാം. (ഉര്‍വ നബി(സ) യുടെ സവിധത്തിലെത്തി.) നബി(സ)യേയും സ്വഹാബാക്കളേയും മക്കക്കാരെപറ്റി പറഞ്ഞ് ഭയപ്പെടുത്താന്‍ ശ്രമിക്കുകയായിരുന്നു. ആ സമയത്ത് ഉര്‍വഃ നബി(സ)ന്റെ സ്വഹാബാക്കളെ ശ്രദ്ധാപൂര്‍വം നോക്കാന്‍ തുടങ്ങി. നബി(സ)ന്റെ ഉമിനീര് സ്വഹാബാക്കള്‍ കൈകളിലാക്കുകയും തങ്ങളുടെ മുഖത്തും നെഞ്ചത്തും തേക്കുകയും ചെയ്യുമായിരുന്നു. നബി(സ) സഹാബാക്കള്‍ക്ക് കല്‍പ്പന കൊടുക്കുമ്പോള്‍ അവര്‍ അത് ഉടന്‍ തന്നെ പ്രാവര്‍ത്തികമാക്കിയിരുന്നു. നബി(സ) വുദു ചെയ്യുമ്പോള്‍ അതിന്റെ വെള്ളം കരസ്ഥമാക്കാന്‍ മത്സരിക്കുമായിരുന്നു. ഒരു മുടി പോലും താഴെ വീഴാന്‍ ഇടവരുത്തുമായിരുന്നില്ല. നബി(സ)ക്ക് മുന്നില്‍ അവര്‍ ശബ്ദം താഴ്ത്തിയിരുന്നു. തിരുനബിയോടുള്ള ആദരവ് കാരണം അവര്‍ നബി (സ)നെ കണ്ണുവെട്ടിച്ച് നോക്കുകയോ മുഖമുയര്‍ത്തി നോക്കുകയോ ചെയ്യുമായിരുന്നില്ല. പിന്നെ ഉര്‍വഃ ഖുറൈശികളുടെ അടുത്തെത്തി പറഞ്ഞു: എന്റെ ജനങ്ങളേ! ഞാന്‍ പ്രതിനിധി എന്ന നിലയ്ക്ക് രാജാക്കന്മാരുടെ കൊട്ടാരങ്ങളിലും കൈസറിന്റെയും കിസ്റയുടെയും നജ്ജാശിയുടെയും സദസ്സുകളിലും പോയിട്ടുണ്ട്. ദൈവത്താണെ, ഒരിക്കലും തന്നെ ഞാന്‍ മുഹമ്മദ്(സ)ന്റെ അനുയായികള്‍ അദ്ദേഹത്തോട് കാണിക്കുന്നതുപോലുള്ള അനുസരണം ഈ രാജാക്കന്മാരുടെ ആളുകള്‍ അവരോട് കാണിക്കുന്നത് കണ്ടിട്ടില്ല.

തിരുനബി(സ)യെ കാഫിരീങ്ങളെ സംബന്ധിച്ച് പറഞ്ഞ് ഭയപ്പെടുത്താൻ വന്നയാൾ ഈ ദൃശ്യങ്ങൾ കണ്ട പ്പോൾ അതിൽ പ്രഭാവിതനായി. ആ കാര്യങ്ങൾ പോയി കാഫിരീങ്ങളോട് പറയുകയുമുണ്ടായി.

തുടർന്ന് അഹാബീശിന്റെ നേതാവായിരുന്ന ജലീസ് ബിൻ അൽഖമഃ കൻആനി ഖുറൈശികളുടെ പ്രതിനിധിയായി വന്നു. അങ്ങനെ അയാളെ തിരു നബി(സ) മുകളിൽനിന്ന് കണ്ടപ്പോൾ പറഞ്ഞു: ഇയാൾ ബലിമൃഗങ്ങളെ വളരെ ആദരിക്കുന്ന ഗോത്രത്തിലെ ഇന്ന വ്യക്തിയാണ്. തുടർന്ന് സഹാബാക്കളോട് പറഞ്ഞു: നിങ്ങൾ അയാൾ കാണുന്നതിനുവേണ്ടി ബലിമൃഗങ്ങളെ അയാളുടെ മുന്നിലൂടെ കൊണ്ടുപോ വുക. അയാൾ അവരെ കണ്ടപ്പോൾ പറഞ്ഞു: സുബ് ഹാനല്ലാഹ്! ഇവരെ ബൈത്തുല്ലാഹിൽനിന്ന് തടയു ന്നത് ഉചിതമല്ല. ലഖ്മ്, ജുദാം ഖന്ദ, ഹമീർ തുടങ്ങിയ ഗോത്രങ്ങൾ ഹജ്ജ് ചെയ്യുമ്പോൾ അബ്ദുൽ മുത്തലി ബിന്റെ മകനെ തടയുന്നത്തിന് അല്ലാഹു ഒരിക്കലും അനുവാദം നൽകുന്നില്ല. കഅബയുടെ നാഥനാണെ സത്യം! ഖുറൈശികൾ നശിപ്പിക്കപ്പെടുന്നതാണ്, ഇവർ തീർച്ചയായും ഉംറ ചെയ്യാൻ വന്നവരാണ്. ഈ കാര്യ ങ്ങൾ കേട്ടപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവാണെ, അല്ലയോ ബനൂകൻആന്റെ സഹോദരാ! തീർച്ച യായും അത് തന്നെയാണ് ശരി. അയാൾ ഇക്കാര്യ ങ്ങൾ ഖുറൈശികളോട് പറഞ്ഞപ്പോൾ ഖുറൈശികൾ അയാളെ അഅ്റാബി അഥവാ ഗ്രാമീണ വാസിയാക്കി ക്കൊണ്ട് മുഹമ്മദ്(സ)നെപറ്റി കാണുകയും കേൾക്കു കയും ചെയ്തതെല്ലാം വഞ്ചനയും വ്യാജവുമാണെന്നു പറഞ്ഞു.

ഈ യാത്രയിൽ ഹദ്റത്ത് കഅബ് ബിൻ ഉജ്റക്ക് ഇഹ്റാമിൽ തല മുണ്ഡനം ചെയ്യുന്നതിന് സാവ കാശം കിട്ടിയതിനെപറ്റിയും പറയുന്നുണ്ട്. ഇതിനിട യിൽ ഖുറൈശികളുടെ പ്രതിനിധിയായി മഖ്റസ് ബിൻ ഹഫ്സിനെ അയച്ച പരാമർശമുണ്ട്. അയാളെ കണ്ട പ്പോൾ നബി തിരുമേനി(സ) അയാളെ പറ്റി പറഞ്ഞു: ഇയാൾ വളരെ ചതിയനാണ്. നിവേദനങ്ങളിൽ ഫാജിർ (ധിക്കാരി) എന്ന പദവും വന്നിട്ടുണ്ട്. ഏതാ യാലും അയാൾ നബി(സ)ന്റെ അടുക്കൽ എത്തിയ പ്പോൾ നബി ഉർവ്വയോടും ബുദൈലിനോടും പറഞ്ഞ കാര്യങ്ങൾ തന്നെ ആവർത്തിച്ചു. പിന്നെ അയാൾ തന്റെ കൂട്ടുകാരുടെ അടുത്തേക്ക് തിരിച്ചുപോയി ഉണ്ടായ സംസാരങ്ങളെക്കുറിച്ച് അവർക്ക് അറിയിപ്പ് കൊടുക്കുകയും ചെയ്തു.

തിരുനബി(സ) ഇക്കാര്യത്തിൽ ഹദ്റത്ത് ഖറാശ് ബിൻ ഉമയ്യയെ ഖുറൈശികളുടെ അടുക്കലേക്ക് അയച്ചതിനെപറ്റിയും അദ്ദേഹത്തോട് ഖുറൈശി കൾ കാണിച്ച മോശം പെരുമാറ്റത്തെപറ്റിയും വധ ശ്രമത്തെപറ്റിയും പരാമർശം കാണപ്പെടുന്നുണ്ട്. ഏതായാലും ഖുറൈശികൾ സമാധാനഭംഗമുണ്ടാ ക്കാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ നബി(സ) അതൊക്കെ മാപ്പാക്കി കൊടുത്തുകൊണ്ടിരുന്നു. ഖുറൈശികൾ തങ്ങളുടെ അമിതാവേശത്തിൽ നബി (സ)യെയും സഹാബാക്കളേയും ആക്രമിക്കാനും നബി (സ)നെ വധിക്കാനും പദ്ധതിയിട്ടിരുന്നു. ഏതായാലും മുസ്ലിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്ങളുടെ ഇടങ്ങളിൽ ജാഗരൂഗരായിരുന്നു. അങ്ങനെ ഖുറൈശികളുടെ ഈ ഗൂഢപദ്ധതിയെല്ലാം പരാജയ പ്പെട്ടു. പക്ഷെ നബി(സ) അവർക്ക് മാപ്പാക്കിക്കൊണ്ട് രഞ്ജിപ്പിനുള്ള ശ്രമങ്ങൾ തുടർന്നു.

അല്ലാമാ ബൈഹഖി ഉർവയിൽനിന്ന് നിവേദനം ചെയ്യുന്നു: നബി(സ) ഖുറൈശികളുടെ അടുക്കലേക്ക് അയക്കാൻ ഹദ്റത്ത് ഉമർ ബിൻ ഖത്താബിനെ വിളി ക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്, ഖുറൈശികൾ എന്റെ ശത്രുതയെക്കു റിച്ച് അറിയുന്നവരാണ്. അതുകൊണ്ട് എനിക്ക് എന്റെ ജീവനെക്കുറിച്ച് ഭയമുണ്ട്. ബനൂഅദിയ്യിൽ ഉള്ള ഒരാളും എന്നെ സംരക്ഷിക്കാൻ ഉണ്ടാകുന്നതല്ല. യാ റസൂലല്ലാഹ്, അങ്ങ് ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ പോകുന്നതാണ്. ഹദ്റത്ത് ഉമർ പറഞ്ഞു: യാ റസൂലല്ലാഹ്, മക്കയിൽ എന്നേക്കാളും ആദരണീയ നായ ഒരു വ്യക്തിയെക്കുറിച്ച് ഞാൻ അങ്ങേക്ക് പറഞ്ഞു തരാം. വലിയ കുടുംബ ബന്ധങ്ങളുള്ള അദ്ദേഹത്തിന് സംരക്ഷണം ലഭിക്കും. അങ്ങ് ആഗ്ര ഹിക്കുന്ന അങ്ങയുടെ സന്ദേശം അവരിലേക്ക് എത്തി ക്കുകയും ചെയ്യും. ആ വ്യക്തി ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ ആകുന്നു. അങ്ങനെ ഈ സന്ദേ ശവുമായി ഹദ്റത്ത് ഉസ്മാൻ മക്കയിലേക്ക് പോയി. മക്കക്കാരുടെ ഒരു പൊതുസദസ്സിൽ ഹദ്റത്ത് ഉസ് മാൻ നബി(സ)ന്റെ സന്ദേശം സമർപ്പിച്ചു. ഇതൊക്കെ ആയിട്ടും മുസ്ലിങ്ങൾക്ക് ഈ വർഷം മക്കയിൽ പ്രവേശിക്കാൻ പറ്റില്ലായെന്ന ശാഠ്യത്തിൽ തന്നെ അവർ ഉറച്ചുനിന്നു. ഹദ്റത്ത് ഉസ്മാന് വ്യക്തിപര മായി ബൈത്തുല്ലാഹ് തവാഫ് ചെയ്യാൻ അനുവാദം നൽകി. എന്നാൽ ഹദ്റത്ത് ഉസ്മാൻ അത് നിഷേ ധിച്ചുകൊണ്ട് പറഞ്ഞു: നബി(സ)നെ മക്കക്ക് പുറത്ത് തടയുമ്പോൾ ഞാൻ എങ്ങനെ തവാഫ് ചെയ്യാനാണ്. പക്ഷെ ഖുറൈശികൾ സമ്മതിക്കുന്നുണ്ടായിരു ന്നില്ല. അവസാനം ഹദ്റത്ത് ഉസ്മാൻ നിരാശനായി തിരിച്ചുവരാൻ തയ്യാറെടുക്കുകയായിരുന്നു.

ആ സന്ദർഭത്തിൽ ദ്രോഹികകൾ ഒരു ദ്രോഹം ചെയ്യാൻ ആലോചിച്ചു. അങ്ങനെ ഈ രഞ്ജിപ്പി നുള്ള ശ്രമത്തിൽ കൂടുതൽ അനുകൂലമായ നിബന്ധ നകൾ നേടാമെന്നവർ കരുതി. അങ്ങനെ ഹദ്റത്ത് ഉസ്മാനെയും കൂട്ടുകാരെയും മക്കയിൽ തടഞ്ഞു. തുട ർന്ന് മക്കക്കാർ ഹദ്റത്ത് ഉസ്മാനെ വധിച്ചിരിക്കുന്നു എന്ന ഒരു കിംവദന്തി മുസ്ലിംകൾക്കിടയിൽ പരന്നു.

ഈ വാർത്ത നബി(സ)ക്ക് വലിയ ദുഖവും ദേശ്യവും ഉണ്ടാക്കി. ഉടൻ തന്നെ വിളംബരം നടത്തിക്കൊണ്ട് അവരെ ഒരു മിസ്‌വാക്ക് വൃക്ഷത്തിന് ചുവട്ടിൽ ഒരു മിച്ചുകൂട്ടി. നബി(സ) പറഞ്ഞു: ഈ വാർത്ത ശരിയാണെങ്കിൽ അല്ലാഹുവാണെ, ഉസ്മാന്‌വേണ്ടി പകരം ചോദിക്കുന്നത്‌വരെ നമ്മൾ ഈ സ്ഥലത്തുനിന്ന് മാറുന്നതല്ല. തുടർന്ന് ഇസ്‌ലാമിൽ ബൈഅത്ത് ചെയ്യുന്ന രീതി അനുസരിച്ച് നബി(സ) സഹാബാക്കളോട് പറഞ്ഞു: വരുവിൻ എന്റെ കയ്യിൽ കൈ തന്നുകൊണ്ട് ഇങ്ങനെ ശപഥം ചെയ്യുവിൻ. നിങ്ങളിൽ ആരും തന്നെ പിന്തിരിഞ്ഞുപോകുന്നതല്ല, തങ്ങളുടെ ജീവൻവെച്ച് കളിക്കേണ്ടി വന്നാലും ഒരവസരത്തിലും തങ്ങളുടെ സ്ഥലത്ത്നിന്ന് മാറുന്നതല്ല. ബൈഅത്ത് നടക്കുമ്പോൾ നബി(സ) തന്റെ ഇടതു കൈ വലതു കൈക്കുമേൽ വെച്ച്കൊണ്ട് പറഞ്ഞു: ഇത് ഉസ്മാന്റെ കയ്യാകുന്നു. കാരണം അദ്ദേഹം ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഈ കച്ചവടത്തിൽനിന്ന് ഒരിക്കലും പിന്മാറില്ലായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ ഈ ബൈഅത്ത്, ബൈഅത്ത് റിസ്‌വാൻ എന്ന് അറിയപ്പെടുന്നു. അതായത്, മുസ്‌ലിങ്ങൾ അല്ലാഹുവിന്റെ പൂർണ്ണ സംതൃപ്തിയുടെ സമ്മാനം കരസ്ഥമാക്കുകയുണ്ടായി. വിശുദ്ധ ഖുർആനും ഈ ബൈഅത്തിനെപ്പറ്റി പ്രത്യേകം പരാമർശിച്ചിരുന്നു. ഈ ബൈഅത്ത് അതിന്റെ ഘടകങ്ങളെവെച്ച് നോക്കിയാൽ ഒരു വളരെ വലിയ വിജയം തന്നെയായിരുന്നു. അത് കേവലം ഭാവിയിലെ വിജയങ്ങൾക്കുള്ള കവാടം തുറക്കുക മാത്രമല്ല ചെയ്തത്. മറിച്ച് അതു മുഖേന ഇസ്‌ലാമിന്റെ ത്യാഗസന്നദ്ധമായ ആത്മാവ്, അതാകട്ടെ മുഹമ്മദിയാ ദീനിന്റെ കേന്ദ്രബിന്ദുവുമാകുന്നു, വളരെ നല്ല രീതിയിൽ പ്രകടമായി.

ഹുദൈബിയ സന്ധിയുമായി ബന്ധപ്പെട്ട് കുറച്ചുകൂടി വിശദീകരണങ്ങളുണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ മറ്റൊരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. എല്ലാവർക്കും അറിയുന്നത്പോലെ യൂറോപ്പിലും അവസ്ഥകൾ വളരെ ത്വരിതഗതിയിൽ യുദ്ധത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഉക്രൈനും റഷ്യയും തമ്മിലുള്ള യുദ്ധം പരക്കുമോ എന്ന ആശങ്കയുണ്ട്. യൂറോപ്പിലെ മറ്റു രാജ്യങ്ങൾക്ക് ഭീഷണിയും വന്നുകൊണ്ടിരിക്കുന്നു. ഭൂരിപക്ഷം വിവേകമുള്ള ആളുകളും സമാധാനം കാംക്ഷിക്കുന്നവരും ലീഡർമാരും ഇതേക്കുറിച്ച് അസ്വസ്ഥരാണ്. ഏതായാലും ദുആ ചെയ്യുക. അല്ലാഹു അഹ്മദികളേയും സമാധാനം ഇഷ്ടപ്പെടുന്ന ആളുകളെയും യുദ്ധത്തിന്റെ മോശം പ്രഭാവങ്ങളിൽനിന്ന് സംരക്ഷിക്കുമാറാകട്ടെ. ഭാവിയിൽ വരാനിരിക്കുന്ന തലമുറകളെ ബാധിക്കുന്ന ഒരു തരത്തിലുള്ള ആയുധവും ഉപയോഗിക്കാതിരിക്കട്ടെ.

മുസ്‌ലിം രാജ്യങ്ങൾക്കുവേണ്ടിയും ദുആചെ യ്യുക. അല്ലാഹു അവർക്കും ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അല്ലാഹു അവർക്കും സത്യം തിരിച്ചറിയാനും അല്ലാഹുവിനോടുള്ള കടമകൾ തിരിച്ചറിയാനും തൗഫീഖ് നൽകുമാറാകട്ടെ. മറ്റൊരു കാര്യത്തിലേക്കുകൂടി ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. വളരെ ത്വരിത ഗതിയിൽ മോശമായിക്കൊണ്ടിരിക്കുന്ന അവസ്ഥകളാണുള്ളത്. ഈ അവസ്ഥകൾ കാരണം നേരത്തെ ജനങ്ങൾക്കിടയിൽ ശ്രദ്ധയുണ്ട്. ഞാൻ വീണ്ടും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വീടുകളിൽ രണ്ടു മൂന്ന് മാസത്തേക്കുള്ള ഭക്ഷണ സാധനങ്ങൾ കരുതിവെക്കുക. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന്‌വേണ്ടി ശ്രമിക്കുക എന്നതാകുന്നു. അവന്റെ തൃപ്തി കരസ്ഥമാകുന്നതിന് പരിശ്രമമുണ്ടാവുകയാണെങ്കിൽ അവനുമായുള്ള ബന്ധം ഉണ്ടാക്കാനും ശ്രമമുണ്ടാകുന്നതാണ്. അതിൽ മുന്നേറുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുക. അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 22.11.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing: Tariq Alanallur, Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516